# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** | **മാർക്ക് – 50**

**10.30am - 12.30pm** | **STD - IV** | **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. രക്ഷാകരദൗത്യം തുടരുവാൻ ഈശോ സഭയ്ക്കു നൽകിയ അനുഗ്രഹദായകമായ കൂദാശ ഏത്?
2. വൈദീകനിലൂടെ ആരാണ് നമുക്ക് പാപമോചനം നൽകുന്നത്?
3. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." ഈശോ ആരോടാണ് ഇങ്ങനെ പറഞ്ഞത്?
4. സ്വർഗ്ഗത്തിലെ കുട്ടികളുടെ മദ്ധ്യസ്ഥൻ ആരാണ്?
5. ഇന്ന് സഭ നമ്മുടെ പാപങ്ങൾ മോചിക്കുന്നത് ഏത് കൂദാശയിലൂടെയാണ്?
6. "അവരുടെ വിശ്വാസം കണ്ട് യേശു തളർവാത രോഗിയോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു." ബൈബിൾ ഭാഗം ഏത്?
7. പൗരോഹിത്യപദവി നൽകപ്പെടുന്നത് ആരുടെ കൈവയ്പ്പു ശുശ്രൂഷ വഴിയാണ്?
8. "..............യിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" (1 തെസലോനിക്കാ 4:7).
9. സ്ത്രീയും പുരുഷനും വിവാഹിതരാകുന്നതുവഴി രൂപം കൊള്ളുന്നത് എന്ത്?
10. പ്രാർത്ഥനയിലൂടെ നമുക്ക് ലഭിക്കുന്ന .......... നന്മ ചെയ്യാനും പ്രലോഭനങ്ങളെ അതിജീവിക്കാനും നമ്മെ ശക്തരാക്കുന്നു.

| |
|---|
| വിശുദ്ധി |
| സക്കേവൂസ് |
| യാക്കോബ് |
| തിരുപ്പട്ടം |
| വി. കാർലോ അക്കുത്തിസ് |
| മർക്കോസ് 2:5 |
| സ്വർഗ്ഗം |
| ഈശോ |
| മർക്കോസ് 2:11 |
| മെത്രാന്മാർ |
| സൈ്ഥര്യലേപനം |
| വി. ഡൊമിനിക് സാവിയോ |
| അനുരഞ്ജനകൂദാശ |
| ദൈവകൃപ |
| കുടുംബം |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. താഴെ നൽകിയിരിക്കുന്നതിൽ നിന്നും പ്രാർത്ഥനയുടെ വിവിധ ഘട്ടങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

| | | | |
|---|---|---|---|
| സ്തുതിപ്പ് | യാചന | കുടുംബ പ്രാർത്ഥന | ആരാധന |
| കുടുംബക്കൂട്ടായ്മ പ്രാർത്ഥന | മാദ്ധ്യസ്ഥ്യം | യാമപ്രാർത്ഥന | കൃതജ്ഞത |

12. അപ്പസ്തോലന്മാരുടെ പിൻഗാമികളായ ............മാരിലൂടെയും അവർ അഭിഷേകം ചെയ്തു നിയോഗിക്കുന്ന ............ലൂടെയും ............ ഇന്ന് പാപമോചനം നൽകുന്നു.

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 13. ധൂർത്തപുത്രൻ | - | രോഗസൗഖ്യം |
| രോഗീലേപനം | - | പത്രോസ് ശ്ലീഹാ |
| വൈദീകർ | - | ദൈവത്തിന്റെ ദാനം |
| മക്കൾ | - | ശ്രേഷ്ഠമായ പ്രാർത്ഥന |
| വി. കുർബാന | - | അനുതാപം |
| | - | ശുശ്രൂഷാപൗരോഹിത്യം |
| | - | സ്നേഹസംഭാഷണം |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. മൗലിക സുകൃതങ്ങൾ എത്ര? ഏതെല്ലാം?
15. പുൽക്കൂട് ആദ്യമായി ഉണ്ടാക്കിയത് ആര്?
16. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 33:22, "കർത്താവേ, അങ്ങയുടെ കാരുണ്യം ..........."
17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന ബൈബിൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. എന്താണ് രോഗീലേപനം?
19. വിവാഹ ബന്ധത്തിന്റെ സുപ്രധാന ഘടകങ്ങൾ ഏവ?
20. അനുരഞ്ജനകൂദാശയിൽ ഏറ്റവും പ്രധാനമായത് എന്ത്?
21. പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം എന്നാൽ എന്ത്?
22. എന്താണ് വിവാഹം എന്ന കൂദാശ?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. എന്താണ് പ്രാർത്ഥന എന്നും എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്നും ഉപപാഠപുസ്തകത്തിലെ 'ഈശോയോടൊപ്പം സംസാരിക്കാം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** | **മാർക്ക് - 50**
**10.30am - 12.30pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

1. മോശയുടെ നിയമത്തിന്റെ രത്നചുരുക്കമെന്ത്?
2. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരെ പങ്കെടുപ്പിച്ചുക്കൊണ്ട് ആഘോഷിച്ചിരുന്ന തിരുനാൾ ഏത്?
3. ആരുടെ നാവിനെയാണ് വിശുദ്ധീകരിക്കുന്ന അഗ്നികൊണ്ട് ദൈവം പരിശുദ്ധമാക്കിയത്?
4. സിനഗോഗ് എന്ന പേരുണ്ടായ 'സുനാഗോ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥമെന്ത്?
5. ജെറുസലേമിൽ കർത്താവിനായി മനോഹരമായ ദൈവാലയം പണികഴിപ്പിച്ചത് ആര്?
6. ഭൂമിയിലെ മരണം സ്വർഗ്ഗത്തിലെ ജനനമാണെന്ന് പറഞ്ഞതാര്?
7. യാക്കോബിന്റെ 12 ഗോത്രങ്ങളിൽ പുരോഹിത സ്ഥാനമുള്ള ഗോത്രമേത്?
8. ആഹാബ് രാജാവിന്റെ വിഗ്രഹാരാധനയെ എതിർത്ത പ്രവാചകനാര്?
9. കഴുതക്കുട്ടിയുടെ പുറത്തുകയറി വിനയാന്വിതനായി വരുന്ന രാജാവായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന പ്രവാചകനാര്?
10. കാർലോയെ ഇന്നത്തെ യുവജനങ്ങളുടെ മാതൃകയായി പരാമർശിച്ചതാര്?

| |
|---|
| ഒന്നിച്ചുകൂടുക |
| കൂടാരത്തിരുനാൾ |
| ലേവി |
| പത്തു കല്പനകൾ |
| യൂദാ |
| ഏശയ്യാ |
| സഖറിയാ |
| സാമുവൽ |
| ഏലിയാ |
| വി. ഫ്രാൻസിസ് അസ്സീസി |
| ദാവീദ് |
| പന്തക്കുസ്താത്തിരുനാൾ |
| ജോൺ പോൾ II |
| സോളമൻ |
| ഫ്രാൻസിസ് പാപ്പ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

11. താഴെ കൊടുത്തിരിക്കുന്നവരിൽ നിന്ന് സഭാപിതാക്കന്മാരെ കണ്ടെത്തി എഴുതുക.

| | | | | |
|---|---|---|---|---|
| മിക്കാ | സിപ്രിയാൻ | ജോഷ | അപ്രേം | അഗസ്റ്റിൻ |
| ബേസിൽ | ആമോസ് | ഇരണേവൂസ് | അംബ്രോസ് | |

12. ............. ജീവിതസാഹചര്യങ്ങളിൽ രൂപം കൊണ്ട പ്രാർത്ഥനാഗീതങ്ങളാണ് സങ്കീർത്തനങ്ങൾ. ........... ആണ് സങ്കീർത്തനങ്ങൾ രചിച്ചത്. വിശുദ്ധ ഗ്രന്ഥത്തിൽ ആകെ........... സങ്കീർത്തനങ്ങളാണ് ഉള്ളത്. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ ..........., ........, ......... എന്നിങ്ങനെ മൂന്നു ഗണങ്ങളായി തിരിക്കാം.

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 13. സോളമൻ | - | എസെക്കിയേൽ |
| യോംകിപ്പൂർ | - | ജറെമിയ |
| നീസാൻ മാസം | - | പാപപരിഹാരദിനം |
| മിശിഹാ നല്ല ഇടയൻ | - | പന്തക്കുസ്താത്തിരുനാൾ |
| ഇമ്മാനുവേൽ പ്രവചനം | - | ജ്ഞാനിയായ രാജാവ് |
| | - | ഏശയ്യാ |
| | - | പെസഹാ ഭക്ഷണം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എഴുതുക.

15. ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ ക്വിസ് പ്രോഗ്രാം?

16. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 71 :14, "ഞാൻ എപ്പോഴും പ്രത്യാശ ........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. ഇസ്രായേൽക്കാരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവെന്ത്?

19. പന്തക്കുസ്താ തിരുനാളിന്റെ അടിസ്ഥാനമെന്ത്?

20. പുതിയ ഇസ്രായേലായ സഭയിലെ രണ്ട് തരം കല്പനകൾ ഏവ?

21. വലിയ പ്രവാചകർ എന്നറിയപ്പെടുന്നവർ ആരൊക്കെ?

22. ആഴ്ച്ചയുടെ ആദ്യ ദിനമായ ഞായറാഴ്ച്ച ക്രൈസ്തവർ വിശുദ്ധ ദിനമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

23. ഉപപാഠപുസ്തകത്തിലെ 'സ്നേഹം തന്നെയായ ദൈവം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി കാർലോയുടെ ദൈവസ്നേഹത്തെപ്പറ്റിയും, പുണ്യപ്രവൃത്തികളെപ്പറ്റിയും, പ്രാർത്ഥനയെപ്പറ്റിയും വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

22/02/2026 — മാർക്ക് - 50

10.30am - 12.30pm — **STD - VI** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. തോമ്മാശ്ലീഹായെ ഭാരതത്തിന്റെ ശ്ലീഹാ എന്ന് പ്രഖ്യാപിച്ചത് ആര്?
2. "സ്വർഗസ്ഥനായ പിതാവു പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ." ബൈബിൾ ഭാഗം ഏത്?
3. ശ്ലീഹാക്കാലത്തെ ഒന്നാം വെള്ളി ഏത് പേരിലാണ് അറിയപ്പെടുന്നത്?
4. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം?
5. "പ്രകൃതിയിലേക്ക് മടങ്ങുക - പ്രകൃതിയിലെ എല്ലാം നിലനിർത്തുക" എന്നത് ആരുടെ തത്വമാണ്?
6. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് എന്ന്?
7. മരിക്കേണ്ടിവന്നാലും ഗുരുവിനെ വിട്ടുപിരിയരുതെന്ന് ആഗ്രഹിച്ച ശിഷ്യൻ?
8. സ്ത്രീകൾ അറിയിച്ചതനുസരിച്ച് ഈശോയുടെ കല്ലറയുടെ അടുക്കൽ ആദ്യം ചെന്ന ശിഷ്യൻ ആര്?
9. "ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ഈശോയുടെ വാഗ്ദാനത്തിന്റെ പൂർത്തീകരണം എന്ത്?
10. സൃഷ്ടിയിലൂടെ സ്രഷ്ടാവിന്റെ മഹത്വം ദർശിക്കാനാകുമെന്ന് പറഞ്ഞതാര്?

| |
|---|
| വിശ്വാസം |
| പത്രോസ് ശ്ലീഹാ |
| റൂസോ |
| മത്തായി 6:43 |
| 6-ാം പൗലോസ് പാപ്പാ |
| പെസഹാത്തിരുനാൾ |
| തോമ്മാശ്ലീഹാ |
| ആദ്യവെള്ളി |
| യോഹന്നാൻ |
| മത്തായി 5:48 |
| വി. അംബ്രോസ് |
| 12-ാം പീയൂസ് പാപ്പാ |
| സ്വർണവെള്ളി |
| വി. കുർബാന |
| പന്തക്കുസ്താത്തിരുനാളിൽ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. ഉയിർപ്പുകാലത്തിലെ രക്ഷാകരരഹസ്യങ്ങളും, പുതുഞായറിന്റെ സവിശേഷതകളും തരം തിരിച്ചെഴുതുക.

| | |
|---|---|
| പാപത്തിൻമേലും മരണത്തിൻമേലും ഈശോ നേടിയ വിജയം | മലയാറ്റൂർ തീർത്ഥാടനം |
| മാർത്തോമ്മാ ഞായർ | ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്നു |
| നമ്മുടെ ഉയിർപ്പിന്റെ അച്ചാരമായ ഈശോയുടെ ഉയിർപ്പ് | ഈശോയുടെ ഉത്ഥാനംവഴി നമുക്കു ലഭിച്ച പുതുജീവൻ |

12. ഈശോ എല്ലാവരുടെയും പാപങ്ങൾ ........... ക്ഷമിച്ചു. ചുംബനത്താൽ ഒറ്റിക്കൊടുക്കാൻ ചെന്ന യൂദാസിനെയും ............ എന്നു വിളിച്ചു. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ ............ നിയോഗിച്ചു.

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 13. വേനൽകാലം | - | എമ്മാവൂസ് |
| ഗുരു | - | യോഹന്നാൻ 6:35 |
| ക്ലെയോപാസ് | - | പൗലോസ് ശ്ലീഹാ |
| "ഞാനാണ് ജീവന്റെ അപ്പം" | - | ശ്ലീഹാക്കാലം |
| "എന്റെ കർത്താവേ, എന്റെ ദൈവമേ" | - | കൈത്താ |
| | - | യോഹന്നാൻ 20:28 |
| | - | റബ്ബോനി |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. ജപമാലയിലെ സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങളിലെ അഞ്ചാമത്തെ ദിവ്യരഹസ്യം എഴുതുക.

15. കേരളത്തിൽ നിന്ന് നവംബർ 8-ന് ലെയോ പതിനാലാമൻ പാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയത് ആരെ?

16. വചനം പൂർത്തിയാക്കുക. ഗലാത്തിയാ 5:5, "ഞങ്ങളാകട്ടെ പരിശുദ്ധാത്മാവിലൂടെ ..........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഏഴു നിറങ്ങളുടെ വൃത്തം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത് എന്ത്?

19. 'അപ്പസ്തോല പ്രവർത്തനങ്ങൾ' പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്ന് അറിയപ്പെടുന്നത് എന്തുകൊണ്ട്?

20. യോനാ പ്രവാചകന് ദൈവം നൽകിയ ദൗത്യം എന്തായിരുന്നു?

21. എമ്മാവൂസിലേക്ക് യാത്ര ചെയ്ത ശിഷ്യന്മാരുടെ ചർച്ചാവിഷയം എന്തായിരുന്നു?

22. ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക ഈശോ നമുക്ക് കാണിച്ചു തന്നത് എങ്ങനെയാണ്?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. പ്രകൃതിയിൽ കാർബൺ കണികകൾ അധികമാകാതിരിക്കാൻ നമുക്കു ചെയ്യാവുന്ന നല്ല കാര്യങ്ങൾ എന്തെല്ലാമെന്ന് ഉപപാഠപുസ്തകത്തിലെ 'പരിസ്ഥിതി സംരക്ഷണം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

22/02/2026 | മാർക്ക് - 50
10.30am - 12.30pm | **STD - VII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സ്നേഹം | * 1908 | * ദ്രവ്യാസക്തി |
| * നന്മ | * ഉല്പത്തി | * 1902 |
| * കുട്ടികൾ | * ദൈവജനം | * വിധി |
| * വൈദീകർ | * CCC | * കള്ളം പറയുമ്പോൾ |
| * സുഭാഷിതങ്ങൾ | * കാരുണ്യ പ്രവൃത്തികൾ | * രണ്ടാം വത്തിക്കാൻ കൗൺസിൽ |

1. സത്യം അറിയാനുള്ള അവകാശം ലംഘിക്കപ്പെടുന്നത് എപ്പോൾ?
2. ദൈവാരാധനയ്ക്കുള്ള ദൈവാലയം നിർമ്മിക്കേണ്ട ചുമതല ആർക്കാണ്?
3. കൽപ്പനകളുടെ കാതൽ എന്താണ്?
4. 'മനുഷ്യന്റെ മനസ്സിനെ സ്വയം കീഴടക്കാൻ സാധിച്ചാൽ അവനാണ് ഈ ലോകത്തിലെ ഏറ്റവും ശക്തനായവൻ.' ഈ സത്യം രേഖപ്പെടുത്തുന്ന വിശുദ്ധ ഗ്രന്ഥ പുസ്തകം?
5. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ." ഈശോയുടെ ഈ സ്നേഹം പ്രകടിപ്പിക്കാനുള്ള മാർഗങ്ങൾ എന്താണ്?
6. വിവാഹമോചനത്തിന്റെ ദുഷ്ഫലം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ആര്?
7. സമ്പത്ത് സമാഹരിക്കുന്നതിനുള്ള അതിരുകടന്ന ആഗ്രഹത്തെ പറയുന്നത് എന്ത്?
8. ദൈവമാണ് സ്ത്രീപുരുഷന്മാരെ വിവാഹബന്ധത്തിലേക്കും കുടുംബജീവിതത്തിലേക്കും നയിക്കുന്നത് എന്ന് വ്യക്തമാക്കുന്ന പുസ്തകം ഏത്?
9. ഇരുപതാം നൂറ്റാണ്ടിലെ ആദ്യ വിശുദ്ധയായ മരിയ ഗൊരേത്തി മരിച്ച വർഷം?
10. 'ഓരോ മനുഷ്യന്റെ ഹൃദയത്തിലും ദൈവം രേഖപ്പെടുത്തിയ ഒരു നിയമമുണ്ട്' എന്ന് മനഃസ്സാക്ഷിയെ ഉദ്ദേശിച്ച് പഠിപ്പിക്കുന്നതാര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. സ്വത്ത് സമ്പാദനം തിന്മയാകുന്നത് എപ്പോൾ?
12. അന്ത്യവിധി ദിവസത്തിൽ കർത്താവ് നമ്മെ വിധിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

13. വിശ്വാസികൾക്ക് നിത്യരക്ഷ കൈവരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവ ഏവ?
14. എട്ടാം പ്രമാണം നമ്മെ അനുസ്മരിപ്പിക്കുന്നത് എന്താണ്?
15. എന്താണ് വിവാഹത്തിന്റെ അഭേദ്യത എന്ന് പറയുന്നത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
17. എന്താണ് മിതവ്യയം? എന്താണ് ഔദാര്യം?
18. കള്ളം പറയുന്നത് തിന്മയാണ്. എന്തുകൊണ്ട്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന എഴുതുക.
20. ഫ്രാൻസീസ് മാർപാപ്പയുടെ ഭൗതീകശരീരം അടക്കം ചെയ്തിരിക്കുന്നത് എവിടെ?
21. വചനം പൂർത്തിയാക്കുക. ഹെബ്രായർ 4:16, "വേണ്ട സമയത്തു ..........."
22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഉയർത്തിപ്പിടിച്ച കരങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

23. എന്താണ് മനഃസ്സാക്ഷി എന്നും, ക്രിസ്തീയ മനഃസ്സാക്ഷി രൂപീകരണത്തിന് നമ്മെ സഹായിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും 'മനഃസ്സാക്ഷി രൂപീകരണം' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.
24. ദൈവദാനമായ ലൈംഗികോർജ്ജം നഷ്ടപ്പെടുന്ന വഴികൾ - ലൈംഗികോർജ്ജം എങ്ങനെ പ്രയോജനപ്പെടുത്താം - ലൈംഗികതയുടെ ആധ്യാത്മിക മൂല്യം - ഇവയെക്കുറിച്ച് ഉപപാഠപുസ്തകത്തിലെ 'ലൈംഗികത എന്റെ ഉത്തരവാദിത്വങ്ങളിൽ ഒന്ന്' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** | **മാർക്ക് - 50**

**10.30am - 12.30pm** | **STD - VIII** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * മാർ അപ്രേം | * വി. മത്തായി | * വി. യോഹന്നാൻ |
| * 24 | * 1992 | * 21 |
| * ഈശോ | * കൂദാശകൾ | * പാപം |
| * വി. അഗസ്റ്റിൻ | * 1923 | * നരകം |
| * പ്രേഷിതദൗത്യം | * മാർ ആന്റണി പടിയറ | * മാർ ആന്റണി കരിയിൽ |

1. ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യ പ്രേഷിതൻ?
2. അന്ത്യവിധിയെക്കുറിച്ച് ഏറ്റവും സമ്പന്നവും വിശദീകരണങ്ങളോടു കൂടിയതുമായ വിവരണം നൽകുന്നത് ആര്?
3. നമ്മെ വിശുദ്ധീകരിക്കുന്നതിനുള്ള ഉപാധികളെന്ത്?
4. സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പ്?
5. സഭയിൽ എത്ര സാർവത്രിക സൂനഹദോസുകൾ നടന്നിട്ടുണ്ട്?
6. ശ്ലീഹന്മാരെ മിശിഹാ വിളിച്ചതും തെരഞ്ഞെടുത്തതും പരിശീലിപ്പിച്ചതും നിയോഗിച്ചതും എന്ത് നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു?
7. ദൈവത്തിൽനിന്നും അകന്നിരിക്കുന്ന അവസ്ഥ എന്ത്?
8. എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തൻ വികാരി?
9. "വി. കുർബാന സ്വീകരിക്കുന്നവർ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിറയുന്നു. അതിനാൽ അവർ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു." ആരുടെ വാക്കുകൾ ?
10. സീറോ മലബാർ സഭയെ 'എറണാകുളം-അങ്കമാലി' എന്ന പേരോടെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ വർഷം?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ പ്രേഷിതദൗത്യം എന്ത്?
12. കത്തോലിക്കാസഭയിലെ പ്രധാന ആരാധനക്രമ പാരമ്പര്യങ്ങൾ ഏതെല്ലാം?
13. വി. പൗലോസിന്റെ കാഴ്ച്ചപ്പാടിൽ മരണം നേട്ടമാണ്. കാരണമെന്ത്?

14. എന്തിന്റെ അടിസ്ഥാനത്തിലാണ് വ്യത്യസ്തങ്ങളായ 24 വ്യക്തി സഭകൾ  കത്തോലിക്കാ സഭയിലുള്ളത്?

15. സഭയുടെ ശ്ലൈഹികതയുടെ അടിസ്ഥാനമെന്ത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധങ്ങളിലാണ് നിർവഹിക്കുന്നത്?

17. എന്താണ് തനതു വിധി? എന്താണ് അന്ത്യവിധി?

18. എല്ലാ ജനങ്ങളേയും ഉൾകൊള്ളുന്നതാണ് സഭ. വിശദീകരിക്കുക.

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. ദൈവത്തിൻെറ ലക്ഷണങ്ങൾ ഏവ?

20. വത്തിക്കാനിലെ വിശ്വാസകാര്യാലയത്തിൻെറ അധ്യക്ഷൻ ആര്?

21. വചനം പൂർത്തിയാക്കുക. 1 കോറി 15:19, "ഈ ജീവിതത്തിനുവേണ്ടി ........"

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

23. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. ഈശോയിലൂടെയും, ദൈവവചനത്തിലൂടെയും, കൂദാശകളിലൂടെയും, നോമ്പും പ്രാർത്ഥനയും ഉപവാസവും വഴിയും വിശുദ്ധീകരണം സാധ്യമാകുന്നത് എങ്ങനെയെന്ന് 'സഭ പരിശുദ്ധമാണ്' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

24. 'എറണാകുളം-അങ്കമാലി അതിരൂപത: ഉയർച്ചയുടെ പടവുകൾ, സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും' എന്ന പാഠത്തെ അടിസ്ഥാനമാക്കി, സീറോ മലബാർ ഹയരാർക്കി സ്ഥാപനത്തെക്കുറിച്ചും – ആഗോള സഭയ്ക്കും സീറോ മലബാർ സഭയ്ക്കും കേരളസമൂഹത്തിനും എറണാകുളം-അങ്കമാലി അതിരൂപത നല്കിയിട്ടുള്ള ഈടുറ്റ സംഭാവനകളെ കുറിച്ചും വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

22/02/2026
10.30am - 12.30pm

**STD - IX**

മാർക്ക് - 50
സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

* ഈശോമിശിഹാ
* രോഗാവസ്ഥ
* മക്കൾ
* ജനനം
* അഭിഷിക്തൻ
* കൂദാശകൾ
* വി. കൊച്ചുത്രേസ്യ
* രക്ഷകൻ
* വി. കുർബാന
* ജോൺ പോൾ രണ്ടാമൻ പാപ്പ
* വി. ആഗസ്തീനോസ്
* മരണം
* സൂനാറ
* സൂബാറ
* ബെനഡിക്ട് പതിനാറാം പാപ്പ

1. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങളെ വിളിക്കുന്ന പേര്?
2. മാമ്മോദീസാ സ്വീകരിക്കുവാനുള്ള വ്യക്തിയെ ജലത്തിൽ മുക്കുന്നത് മിശിഹായോടൊത്തുള്ള എന്തിനെ സൂചിപ്പിക്കാനാണ്?
3. സഭയേയും സഭാംഗങ്ങൾ എല്ലാവരേയും ഏകശരീരമാക്കി മാറ്റുന്നത് എന്താണ്?
4. ദൈവത്തിന്റെ പക്കലേക്ക് തിരിയാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന സന്ദർഭം ഏത്?
5. ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ ആര്?
6. സുറിയാനി ഭാഷയിൽ 'അറിയിപ്പുകളുടെ കാലം' എന്നർത്ഥം വരുന്ന പദം ഏത്?
7. മിശിഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
8. 'പരിശുദ്ധ കുർബാന ആഴത്തിൽ വിശ്വസിക്കേണ്ടതും ഭക്തിയോടെ പരികർമ്മം ചെയ്യേണ്ടതും തീക്ഷണതയോടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമാണ്.' ആരുടെ വാക്കുകൾ?
9. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനം എന്താണ്?
10. "സത്പ്രവൃത്തികളുടെ തുടക്കം ദുഷ്‌വൃത്തികളുടെ ഏറ്റുപറച്ചിലാണ്." ആരുടെ വാക്കുകൾ?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

11. ഒരു വ്യക്തിയുടെ പാപം അവനിൽ ഉളവാക്കുന്ന നാല് തരത്തിലുള്ള തകർച്ചകൾ ഏതെല്ലാം?
12. എന്താണ് ദൈവജനത്തിന്റെ പൊതുപൗരോഹിത്യം?

13. കൃപാവരം എന്നാൽ എന്ത്?

14. എന്താണ് തൈലാഭിഷേകം?

15. എന്താണ് മനസ്താപത്തിന്റെ കാതൽ?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. എന്താണ് വിവാഹമെന്ന കൂദാശ? വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?

17. ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും അവ സൂചിപ്പിക്കുന്ന രക്ഷാകര സംഭവങ്ങളും ഏവ?

18. ഈശോ അടിസ്ഥാന കൂദാശയായി വർത്തിക്കുന്നത് എങ്ങനെ?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. ജപമാലയിലെ മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിലെ മൂന്നാമത്തെ രഹസ്യം എഴുതുക.

20. ദനഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?

21. വചനം പൂർത്തിയാക്കുക. റോമാ 5:4, "കഷ്ടത സഹനശീലവും .........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

23. പൗരോഹിത്യം ഒരു മഹത്തായ ദൈവവിളിയാണ്. ദൈവം മനുഷ്യരുടെ മുമ്പിൽ വയ്ക്കുന്ന വ്യക്തിയാണ് പുരോഹിതൻ; ഒപ്പം സഭ ദൈവത്തിന്റെ മുൻപിൽ വയ്ക്കുന്നവനും. ഈ പുരോഹിതന് കൃത്യമായ ചില ധർമ്മങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ട്. 'തിരുപ്പട്ടം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി പൗരോഹിത്യധർമ്മങ്ങളെക്കുറിച്ച് വിവരിക്കുക.

24. വിശുദ്ധ മദർ തെരേസയും വിശുദ്ധ ഡോൺ ബോസ്കോയും വിശുദ്ധ കുർബാന ജീവിക്കേണ്ട രഹസ്യമാണെന്ന് മനസ്സിലാക്കിത്തന്നവരാണ്. 'വിശുദ്ധ കുർബാന: ജീവിക്കേണ്ട രഹസ്യമാണ്' എന്നത് ഉപപാഠത്തെ ആസ്പദമാക്കി വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | **15** |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |